**24U147S** (Pages:2) Name: …………………………..

Reg. No…………………………

**FIRST SEMESTER B.A./B.Sc./B.S.W. DEGREE EXAMINATION, NOVEMBER 2024**

(CBCSS-UG)

**CC19U MAL1 A07(1) – മലയാളസാഹിത്യം – I**

(Malayalam - Common Course)

(2019 to 2023 Admissions - Supplementary/Improvement))

Time: 2½ Hours Maximum: 80 Marks

Credit: 4

## Section A

**I** രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. പരമാവധി മാർക്ക് 25.

1. പ്രാചീന കവിത്രയങ്ങൾ ആരെല്ലാം ?
2. നാടൻ പാട്ടുകൾ എത്ര വിധം? ഏതെല്ലാം?
3. സുമിത്ര ലക്ഷ്മണന് നൽകിയ ഉപദേശമെന്ത്?
4. 'തേടിച്ചിത്തരം കാട്ടി നടന്നോളല്ലാ – എന്നെ ഒരു തെമ്മാടിത്തറവാട്ടിൽ പിറന്നോളല്ല' –ഇപ്രകാരം പറയാൻ കാരണമെന്ത്?
5. "പച്ചിരുമ്പിന്റെ ആ താഴ് പിടിച്ച് അമ്മ പറഞ്ഞു. ഇതിന് ഒരച്ഛന്റെ ബലമുണ്ട്." സന്ദർഭമെന്ത്?
6. "പത്തുകിട്ടുകിൽ നൂറു മതിയെന്നും– ശതമാകിൽ സഹസ്രം മതിയെന്നും"– മനുഷ്യന്റെ ഏതവസ്ഥയെയാണ് ഇവിടെ വ്യക്തമാക്കുന്നത്?
7. 'അവളെപ്പേടിച്ചാരും നേർവഴി നടപ്പീല' –സാരസ്യം വ്യക്തമാക്കുക.
8. "ചക്ക് പലകമേലിരുന്ന് ചക്കര തിന്നാലും സംശയം കൂടാതെ പുണ്ണാക്കാണതെന്ന് ബോലും" – സന്ദർഭം വ്യക്തമാക്കുക.
9. "പാണനെ തുണകൂട്ടി പൊയ്ക്കോ പെണ്ണേ" –ഇത് പറയുന്നതാര്? അതിനു നൽകിയ മറുപടിയെന്ത് ?
10. "പോക നാമെങ്കിൽ വനത്തിനു കൂടവേ, രാഘവൻ തന്നെ പിരിഞ്ഞാൽ പൊറുക്കുമോ?"– ആരാണ് ഇപ്രകാരം പറഞ്ഞത്? സന്ദർഭം എന്ത്?
11. "ആളുകളുടെ ഈ സംശയം കാരണം ഞാൻ നല്ലപോലൊരു ആത്മപരിശോധന നടത്തി നോക്കി". ആരുടെ വാക്കുകൾ? സന്ദർഭം വ്യക്തമാക്കുക.
12. ഉള്ളുരുക്കം എന്ന കഥയുടെ പൊരുളെന്ത് ?
13. "സ്വപ്നത്തിന്റെ കാൽക്കീഴിൽനിന്ന് ഭൂമി മാറിമാറി അവൾക്കു സ്ഥലവും ജലവും തെളിഞ്ഞു. അടുത്ത നിമിഷം മുതൽ നടിയായി ജനിക്കാൻ തുടങ്ങി".ആര്? സന്ദർഭം എന്ത് ?

14 “ഹ്യൂമൻ ബീയിങ്സ് യൂ കേൻ എക്സ്പ്ലെയിൻ ......ബട്ട് നോട്ട് ഹ്യൂമൻ ലൈഫ് “ സൂചിതം വ്യക്തമാക്കുക.

15. “അകലത്തിൽ വച്ചുകാണുന്ന പരിവേഷങ്ങൾ, അടുക്കുമ്പോഴെത്ര പെട്ടെന്ന് മറയുമെന്നോ”. ഇങ്ങനെ പറഞ്ഞതാര്? സന്ദർഭമെന്ത്?

**(Ceiling: 25 Marks)**

## Section B

**II** ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. പരമാവധി മാർക്ക് 35.

16. ‘ഡബിൾ ആക്റ്റ്’ എന്ന കഥയിൽ നിന്ന് വായിച്ചെടുക്കാവുന്ന സ്ത്രീപക്ഷ നിലപാടെന്ത് ?

17. ‘ഒട്ടുചെടി’ എന്ന ശീർഷകം കഥയുടെ മർമത്തെത്തന്നെയാണ്സ്പർശിക്കുന്നത്.ശരിയോ?

18. 'മനുഷ്യനന്മയുടെ ഘനീഭൂതവൈഭവമായ രാച്ചിയമ്മ ഉറൂബിന്റെ കഥനവൈഭവത്തിന്റെ സാക്ഷ്യപത്രമാകുന്നു.'വിശദമാക്കുക.

19. തന്റെ മകൾക്ക് ഭർത്താവായി വരുന്ന ആൾ എന്തെല്ലാം ഗുണങ്ങൾ ഉള്ളവനായിരിക്കണം എന്നാണ് ഭീഷ്മകൻ പറയുന്നത്?

20. ഉണ്ണിയാർച്ചയെ അവിസ്മരണീയ കഥാപാത്രമാക്കുന്ന ഗുണവിശേഷങ്ങൾ എന്തൊക്കെ?

21. മനുഷ്യന്റെ ധനാർത്തിയെ പൂന്താനം വിമർശനവിധേയമാക്കുന്നതെങ്ങനെ ?

22. “ഒരുത്തിക്കും ഇമ്മാതിരി വിധി കൊടുക്കല്ലേ പടച്ചോനേ... ഈ സൂക്കേട് കൊടുക്കല്ലേ റബ്ബേ ...ന്റെ മക്കളെ കാക്കണേ തമ്പുരാനേ”. ഈ വാക്കുകളിൽ വിവരിക്കുന്ന മാനസിക സംഘർഷവും ധർമസങ്കടവും വിവരിക്കുക.

23. “ശരീരങ്ങൾ ബന്ധപ്പെട്ടു കഴിഞ്ഞാൽ ഉടൻ അസ്തമിക്കുക സ്നേഹത്തിന്റെ കതിരവനാണെന്ന് മുൻപേ കുട്ടി അറിയാതെ പോയി” . സന്ദർഭം,സൂചിതം എന്നിവ വ്യക്തമാക്കുക.

**(Ceiling: 35 Marks)**

## Section C

**III** ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് മൂന്നു പുറത്തിൽ കവിയാതെ ഉപന്യസിക്കുക.

24. ജാതിചിന്തയുടെ നിരർത്ഥകത വെളിവാക്കുന്നതാണ് ‘എന്ത് തന്റെ തീണ്ടലാണ്’ എന്ന നാടൻപാട്ടിന്റെ പ്രതിരോധതലം. പരിശോധിക്കുക.

25. ചെറുശ്ശേരി കവിതയുടെ സവിശേഷതകൾ 'കാളിയമർദ്ദനം' എന്ന പാഠഭാഗത്തെ മുൻനിർത്തി വിലയിരുത്തുക.

26. „മോതിരം’ എന്ന കഥക്ക് നിരൂപണം തയ്യാറാക്കുക.

27. സമകാല ജീവിതത്തിന്റെ തീക്ഷ്ണ യാഥാർത്ഥ്യങ്ങളെ ജീവസുറ്റ ഭാഷയിൽ ‘തന്തത്താഴ്’ എന്ന കഥയിൽ അവതരിപ്പിച്ചിരിക്കുന്നു. ശരിയോ? നിരൂപിക്കുക

**(2 × 10 = 20 Marks)**

*******